പട്ടം-മാഞ്ഞാലി റോഡ്

30. [1892] ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കേക്കര മണ്ഡലത്തിലെ പട്ടം-മാഞ്ഞാലി റോഡ് എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനം മന്ദഗതിയിൽ ആകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) എളത്തിക്കര-ചൗക്കകടവ് റോഡ് ഏറ്റെടുക്കുവാനുള്ള നിർദ്ദേശം പരിഗണിക്കുമോ ;

(ഡി) തുമ്പാത്തോട്-തുരുത്തുപാലം പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ;

(ഇ) പറയക്കാട്-പല്ലംതുരുത്ത് പാലത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(എഫ്) പനയത്തോട് പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ ; എങ്കിൽ ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1996 ജൂലായ് മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കരാറുകാരന്റെ അലംഭാവമാണ് കാരണം.

(സി) വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു.

(ഡി) 15-9-1997-ന് മുമ്പായി പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ഭരണാനുമതി നൽകിയിട്ടുണ്ട്.

(എഫ്) പരിശോധിച്ചുവരുന്നു.

മലപ്പുറം മണ്ഡലത്തിൽ ''ചേരൂർ-കിളിനക്കോട് ഊരകം റോഡ്''

81. [1895] ശ്രീ. എ. യൂനസ് കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം നിയോജക മണ്ഡലത്തിൽ ചേരൂർ-കിളിനക്കോട് ഊരകം റോഡ് പൊതുമരാമത്തു വകുപ്പ് ഏറ്റെടുക്കുന്ന നടപടി ഏതു വരെയായി ;

(ബി) അടങ്കൽ തുക എത്ര ; ഭരണാനുമതി, പ്രത്യേകാനുമതി എന്നിവ നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റോഡ് ഏറ്റെടുക്കുന്നതു സംബന്ധിച്ച് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) 50 ലക്ഷം രൂപയാണ് മതിപ്പുചെലവ് കണക്കാക്കിയിട്ടുള്ളത്. ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടില്ല.

(സി) റോഡ് ഏറ്റെടുത്തതിനു ശേഷമേ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly